(15) സഹായ ഗ്രന്ഥങ്ങൾ.

സർക്കാർ ജീവനക്കാർക്ക് ഭരണഭാഷാമാറ്റ പ്രവർത്തനങ്ങൾക്കു സഹായമായി ഭരണ ശബ്ദാവലി, ഭരണ ഭാഷാ പഠനപദ്ധതി, ഭരണ ഭാഷയെ സംബന്ധിച്ച പ്രധാന ഉത്തരവുകളുടെയും സർക്കുലറുകളുടെയും സമാഹാരം തുടങ്ങിയ സഹായഗ്രന്ഥങ്ങൾ അച്ചടിച്ച് വിതരണം ചെയ്തുവരുന്നു.

(16) അർദ്ധ സർക്കാർ/പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളിലെ ഭാഷാമാറ്റം

അർദ്ധ സർക്കാർ/പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളിൽ മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(ബി) സർക്കാരിന്റെ 68 വകുപ്പുകളിൽ ഇതിനകം മലയാളം ഔദ്യോഗിക ഭാഷയാക്കിയിട്ടുണ്ട്. വകുപ്പു തലത്തിൽ ഭാഷാമാറ്റം അവലോകനം ചെയ്യുന്നതിന് 4 മാസത്തിലൊരിക്കൽ സംസ്ഥാനതലസമിതി യോഗം കൂടുന്നുണ്ട്. ചീഫ് സെക്രട്ടറിയാണ് ഇതിന്റെ അദ്ധ്യക്ഷൻ. സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും പ്രിൻസിപ്പൽ സെക്രട്ടറിമാരും സെക്രട്ടറിമാരും മലയാളം ഔദ്യോഗിക ഭാഷയാക്കിയിട്ടുള്ള വകുപ്പുകളുടെ തലവൻമാരും കളക്ടർമാരുമാണ് ഇതിലെ അംഗങ്ങൾ;

ജില്ലാതലത്തിൽ ഭാഷാമാറ്റം അവലോകനം ചെയ്യുന്നതിന് 3 മാസത്തിലൊരിക്കൽ ജില്ലാതല സമിതിയോഗം കൂടുന്നുണ്ട്. ഔദ്യോഗിക ഭാഷ മലയാളമായി ഉപയോഗിക്കണമെന്ന് നിർദേശിച്ചിട്ടുള്ള വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർ, ജില്ലയിലെ തഹസിൽദാർമാർ ജില്ലാ ഇൻഫർമേഷൻ ഓഫീസർ എന്നിവർ അംഗങ്ങളാണ്. ഡെപ്യൂട്ടി കളക്ടർ (ജനറൽ) ആണ് ഇതിന്റെ കൺവീനർ. താലൂക്കുതലത്തിലും ഔദ്യോഗിക ഭാഷാമാറ്റം ത്വരിതപ്പെടുത്തുന്നതിനായി തഹശിൽദാർ അദ്ധ്യക്ഷനും കൺവീനറുമായി 2 മാസത്തിലൊരിക്കൽ താലൂക്ക് സമിതിയോഗം ചേരുന്നുണ്ട്. മലയാളം ഔദ്യോഗിക ഭാഷയാക്കിയിട്ടുള്ള വകുപ്പുകളിലെ താലൂക്കുതല ഉദ്യോഗസ്ഥൻമാർ ഇതിൽ അംഗങ്ങളാണ്. ഇതിനു പുറമേ മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ഉന്നതതല സമിതിയോഗം 6 മാസത്തിലൊരിക്കൽ ചേർന്ന ഭാഷാ മാറ്റ പുരോഗതി അവലോകനം ചെയ്തുവരുന്നു.

അമ്യൂസ്മെന്റ് പാർക്കുകളുടെ വിനോദ നികുതി കുടിശ്ശിക

17 [*164] ശ്രീ. വി. ചെന്താമരാക്ഷൻ :

„ എ. സി. മൊയ്തീൻ :

„ കെ. വി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അമ്യൂസ്മെന്റ് പാർക്കുകളെ വിനോദ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണ് ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഓരോ അമ്യൂസ്മെന്റ് പാർക്കുകളും വിനോദനികുതി ഇനത്തിൽ എന്തു തുക വീതം സർക്കാരിലേക്ക് അടയ്ക്കാനുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കുന്നത്തുനാട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വീഗാലാന്റ് അമ്യൂസ്മെന്റ് പാർക്ക് ജനങ്ങളിൽ നിന്നും വിനോദനികുതി ഇനത്തിൽ 2003 വരെ പിരിച്ചെടുത്ത 8 കോടി 50 ലക്ഷം രൂപ സർക്കാരിലേക്ക് അടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനം വിനോദ നികുതിയായി പിരിച്ച തുക സർക്കാരിലേക്ക് അടയ്ക്കാതെ ടിക്കറ്റ് പാർജ്ജ് വീണ്ടും വർദ്ധിപ്പിച്ച നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) നാളിതുവരെ വിനോദ നികുതിയായി എന്തു തുകയാണ് പ്രസ്തുത സ്ഥാപനം പിരിച്ചെടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):

(എ) ഇല്ല.

(ബി) അമ്യൂസ്മെന്റ് പാർക്കുകൾ വിനോദ നികുതി സർക്കാരിലേക്ക് അടയ്ക്കേണ്ടതില്ല. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിനോദനികുതി ഈടാക്കുന്നുണ്ട്.

(സി) കേരള ഹൈക്കോടതിയിൽ നിന്നുള്ള ഉത്തരവുമൂലം വിനോദ നികുതി ഈടാക്കൽ തടഞ്ഞിരിക്കുകയാണ്. ഇതിനെതിരെ പഞ്ചായത്ത് സുപ്രീംകോടതിയിൽ അപ്പീൽ നൽകി കേസ്സ് നടന്നുവരുന്നു. തുക പഞ്ചായത്തിനാണ് നൽകേണ്ടത്. സർക്കാരിനല്ല.

(ഡി) ഇല്ല.

(ഇ) 4-4-2000 മുതൽ 30-11-2002 വരെ 8,50,20,957 രൂപയാണ് വിനോദ നികുതിയായി പഞ്ചായത്ത് നിശ്ചയിച്ചിരുന്നത്. ആയത് പുതുക്കി പ്രവേശന നിരക്കിന്റെ യഥാർത്ഥ നികുതി കണക്കാക്കിയപ്പോൾ 6,98,79,750 രൂപ മാത്രമാണ് ലഭിക്കേണ്ടത്. 30-11-2002-ന് ശേഷം വീഗാലാൻറ് അമ്യൂസ്മെന്റ് പാർക്ക് അധികാരികൾ കളക്ഷൻ സ്റ്റേറ്റ്മെന്റ് പഞ്ചായത്തിൽ നൽകുന്നില്ല.

എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ പ്രവർത്തനവും പ്രയോജനവും

18 [*165] ശ്രീ. വി. ശങ്കരൻ :

,, സി. വി. മുഹമ്മദ് :

,, എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) എച്ച്. ഐ. വി. വ്യാപനം തടയുന്നതിന് സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിക്ക് ഇതുവരെ ഒരു ആക്ഷൻ പ്ലാൻ ഉണ്ടായിരുന്നോ ; ഉണ്ടായിരുന്നെങ്കിൽ അതിന്റെ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly